**VIMAL JYOTHI ENGINEERING COLLEGE**

Affiliated to APJ Abdul Kalam Technological University & Kannur University | Approved by AICTE

Under the Archdiocese of Thalassery

# മിനി വെന്റിലേറ്റർ മാതൃകയുമായി വിമൽജ്യോതി വിദ്യാർഥികൾ

ശ്രീകണ്ഠാപുരം ● കോവിഡ് പശ്ചാത്തലത്തിൽ മിനി വെന്റിലേറ്റർ നിർമിച്ച് ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളജ് വിദ്യാർഥികൾ.

വെന്റിലേറ്റർ നിർമാണ മാതൃക സമർപ്പിച്ച 34 കോളജുകളിൽ നിന്ന് 5 കോളജുകളെ കേരള സാങ്കേതിക സർവകലാശാല തിരഞ്ഞെടുത്തിരുന്നു.

ഇക്കൂട്ടത്തിൽ വിമൽജ്യോതിയുമുണ്ട്. ഇതിന്റെ ഭാഗമായി 20000 രൂപ പ്രോത്സാഹന സമ്മാനമായി ലഭിക്കുകയും ചെയ്തു.

കോവിഡ് രോഗം വ്യാപിക്കുകയാണെങ്കിൽ ഏറ്റവും അത്യാവശ്യം വേണ്ട ജീവൻ രക്ഷാ ഉപകരണമാണ് വെന്റിലേറ്ററുകൾ. സ്ഥാനചലനം വരുത്താവുന്ന വിധത്തിൽ പോർട്ടബ്ൾ വെന്റിലേറ്ററാണ് വിദ്യാർഥികൾ വികസിപ്പിച്ചത്.



ചെമ്പേരി വിമൽ ജ്യോതി എൻജിനീയിറിങ് കോളജ് വിദ്യാർഥികൾ വികസിപ്പിച്ചെടുത്ത മിനി വെന്റിലേറ്റർ

ഫെബിൻ നാലാപ്പാട്ട്, അതുൽ പ്രശാന്ത്, അശ്വിൻ സുധൻ എന്നിവരാണ് വെന്റിലേറ്റർ മാതൃക വികസിപ്പിച്ച വിദ്യാർഥികൾ. ഡോ .സമ്പത്ത് കുമാർ പ്രൊജക്ട് ഗൈഡ് ചെയ്തു.

**Mathrubhumi മാതൃഭൂമി**

# കോവിഡ്: മിനി വെൻറിലേറ്റർ മാതൃകയുമായി വിമൽജ്യോതിയിലെ വിദ്യാർഥികൾ



ചെമ്പേരി വിമൽജ്യോതി എൻജിനിയറിങ് കോളേജിലെ വിദ്യാർഥികളുണ്ടാക്കിയ മിനി വെൻറിലേറ്ററിൻെറ മാതൃക

**ശ്രീകണ്ഠപുരം** ▸ കോവിഡ് 19 രോഗവ്യാപനത്തിൻെറ പശ്ചാത്തലത്തിൽ മിനി വെൻറിലേറ്ററിൻെറ മാതൃക നിർമിച്ച് ചെമ്പേരി വിമൽജ്യോതി എൻജിനീയറിങ് കോളേജിലെ വിദ്യാർഥികൾ. രോഗം ഗുരുതരമാകുന്നവർക്ക് അവശ്യം വേണ്ട സൗകര്യമാണ് വെൻറിലേറ്റർ. ശ്വാസതടസ്സമുണ്ടാകുമ്പോൾ ജീവൻ നിലനിർത്താൻ സഹായിക്കുന്ന പോർട്ടബിൾ ശ്വസനസഹായിയാണ് കോളേജിലെ വിദ്യാർഥികൾ വികസിപ്പിച്ചെടുത്തത്. ഇവർ നിർമിച്ച മിനി വെൻറിലേറ്റർ മാതൃകയ്ക്ക് സാങ്കേതികസർവകലാശാലയുടെ അംഗീകാരവും ലഭിച്ചു.

ഫെബിൻ നാലപ്പാട്ട്, അതുൽ പ്രശാന്ത്, അശ്വിൻ സുധൻ എന്നീ വിദ്യാർഥികളാണ് മിനി വെൻറിലേറ്റർ മാതൃക നിർമിച്ചത്. അധ്യാപകനായ ഡോ. സമ്പത്ത് കുമാർ മാർഗനിർദേശം നൽകി.

പ്രവർത്തനമാതൃക ഉടൻ ജില്ലാ ഭരണാധികാരികൾക്ക് സമർപ്പിക്കുമെന്ന് കോളേജ് അധികൃതർ അറിയിച്ചു. സംസ്ഥാനത്തെ 34 കോളേജുകൾക്കിടയിൽനിന്ന് തിരഞ്ഞെടുത്ത മികച്ച അഞ്ച് കോളേജുകളുടെ മാതൃകകൾക്കാണ് സാങ്കേതികസർവകലാശാല അംഗീകാരം നൽകിയത്. ഇവർക്ക് 20,000 രൂപ വീതം സമ്മാനവും ലഭിച്ചു.

16/04/2020 KASARAGOD Pg 09